## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4497 13.11.2019 -ൽ മറുപടിയ്ക്ക്

## കോഴിക്കോട് ജില്ലയിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.എം.ഷാജി** | | **ശ്രീ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ നിലവിലുള്ള ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റിൽ നിന്ന് നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | നാളിതുവരെ 26 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. |
| (ബി) | ഇനി എത്ര ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ റിപ്പോർട്ട് ചെയ്യാൻ ഒഴിവുകളൊന്നും ബാക്കിയില്ല. |
| (സി) | 2019 ജൂലൈ മാസത്തിൽ കോഴിക്കോട് ജില്ലയിൽ നിന്ന് ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ ആയി ജയിസൺ തിരുവനന്തപുരത്തേയ്ക്ക് പോയ ഒഴിവ് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ഒഴിവ് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. നിലവിൽ ജവാൻമാരുടെ ആശ്രിതർക്കും വിമുക്തഭടൻമാർക്കും 3 ഒഴിവുകൾ ആയിരുന്നു മാറ്റിവെച്ചിരുന്നത്. ഈ വിഷയത്തിൽ ഉണ്ടായിരുന്ന അവ്യക്തതയ്ക്ക് സ്പഷ്ടീകരണത്തിന് വേണ്ടി പി.എസ്.സി യോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജവാൻമാരുടെ ആശ്രിതർക്കും വിമുക്തഭടൻമാർക്കും വേണ്ടി 4 ഒഴിവുകൾ കോഴിക്കോട് ജില്ലയിൽ മാറ്റി വെയ്ക്കണമെന്ന് പി.എസ്.സി യിൽ നിന്ന് നിർദ്ദേശിച്ചതനുസരിച്ച് ശ്രീ.ജയ്സൺ.കെ.എ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർക്ക് കോഴിക്കോട് ജില്ലയിൽ നിന്ന് തിരുവനന്തപുരം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലം മാറ്റം നൽകിയത് മൂലം ഉണ്ടായ ഒഴിവ് ജവാൻമാരുടെ ആശ്രിതർക്കും, വിമുക്തഭടൻമാർക്കുമായി നീക്കി വച്ചിരിക്കുകയാണ്. |

| | | | |
|---|---|---|---|
| (ഡി) | 2019 സെപ്റ്റംബർ 26-ന് റിലീവ് ചെയ്ത ബാച്ചിലർ ഓഫ് വെറ്ററിനറി സയൻസ് (ബി.വി.എസ്.ഇ) കോഴ്സിന് പോയ ഹരികേശിന്റെ ഒഴിവ് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നാണ്; ഇല്ലെങ്കിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (ഡി) | മേൽ ഒഴിവ് 07.11.2019 ന് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്യുന്നതിന് കാലതാമസം വരുത്തിയിട്ടില്ല. |
| (ഇ) | വിമുക്തഭടൻമാരുടെ അഭാവത്തിൽ അവർക്കായി മാറ്റിവച്ച നാല് ഒഴിവുകൾ ജനറൽ ലിസ്റ്റിൽ നിന്ന് താല്ക്കാലികമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുമോ? | (ഇ) | KS&SSR Part II Rule 5 Note 3 പ്രകാരം വിമുക്തഭടന്മാരുടെ അഭാവത്തിൽ ആ ഒഴിവ് സ്ഥിരമായി പൊതു റാങ്ക് ലിസ്റ്റിൽ നിന്ന് മറ്റ് ഉദ്യോഗാർത്ഥികളിൽ നിന്നും നികത്താൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ